LIBRARY ARCHIVES Kerala Legislative Assembly

എസ്.വി.ഡി.യു.പി. സ്കൂൾ, പൂറക്കാട് :

നിലവിൽ ദുരിതാശ്വാസ ക്യാമ്പിൽ ആരും താമസിക്കുന്നില്ല.

റെയിൽവേ പുറമ്പോക്ക്, വണ്ടാനം (റവന്യൂ വകുപ്പ് നേരിട്ട് നടത്തുന്ന ക്യാമ്പ് അല്ല)

8 കുടുംബങ്ങൾ താമസിക്കുന്നു.

ക്രമ നമ്പർ	പേരും മേൽവിലാസവും
1	രെജിമോൻ, സൂരജ് ഭവനം, നീർക്കുന്നം
2	ജ്ഞാന സുന്ദരൻ, തറയിൽ, നീർക്കുന്നം
3	അംബുജാക്ഷൻ, പുതുവൽ, നീർക്കുന്നം
4	ഷിജിമോൻ, പുതുവൽ, നീർക്കുന്നം
5	ഫാത്തിമകഞ്ഞ്, പുതുവൽ, നീർക്കുന്നം
6	ജിനീഷ് തറയിൽ, നീർക്കുന്നം
7	സന്തോഷ്, പുതുവൽ, കൈതവളപ്പ്
8	രാജേന്ദ്രൻ, കൈതവളപ്പ്

വാടകവീടുകൾ :- ആരും താമസിക്കുന്നില്ല.

(സി) ക്യാമ്പ് നിവാസികൾക്ക് റവന്യൂ അധികാരികൾ ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നുണ്ട്. കൂടാതെ റവന്യൂ വകുപ്പ് നടത്തുന്ന ദുരിതാശ്വാസ ക്യാമ്പിൽ താമസിക്കുന്നവർക്ക് സർക്കാർ ചെലവിൽ ഭക്ഷണം നൽകുന്നുണ്ട്.

പോളപ്പായൽ കാരണമുണ്ടാകുന്ന പ്രതിസന്ധി

116 (4451) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ കായലുകളിൽ പോളപ്പായൽ അടിയുന്നതുമൂലം മത്സ്യ തൊഴിലാളികൾക്ക് മീൻപിടിക്കാനോ, വള്ളമിറക്കാനോ പറ്റാത്ത അവസ്ഥയാണുള്ളതെന്നും ഇതുമൂലം അവരുടെ ജീവിതം പ്രതിസന്ധിയിലാണെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജീവിതമാർഗ്ഗം അടയുകയും കടുംബങ്ങൾ പട്ടിണിയാകുകയും ചെയ്യുന്ന പ്രസ്തുത സാഹചര്യത്തിൽ ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് സാമ്പത്തിക സഹായം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സമ്പാദ്യ സമാശ്വാസ പദ്ധതി മുഖേന ഉൾനാടൻ മത്സ്യ തൊഴിലാളികൾക്ക് പഞ്ചമാസങ്ങളായ ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ 900 രൂപ നിരക്കിൽ 2700 രൂപ ധനസഹായം നൽകുന്നുണ്ട്. 2015-16 വർഷത്തിൽ ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് പ്രസ്തുത ധനസഹായം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

കല്ല്യാശ്ശേരി മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

117 (4452) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യബന്ധന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കോസ്റ്റൽ ഏരിയ ഡവലപ്മെന്റ് കോർപ്പറേഷൻ മുഖേന എന്തൊക്കെ പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് ;

(ബി) കല്ല്യാശ്ശേരി മണ്ഡലത്തിൽ കോർപ്പറേഷൻ മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണ് ; പുതുതായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ തീരദേശ മേഖലയുടെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനം, മത്സ്യവിതരണ വിപണനരംഗത്തെ ആധുനികവൽക്കരണം, മത്സ്യ തൊഴിലാളികളുടെ ഉന്നമനം എന്നിവ പ്രധാന ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾ കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്നു. സമഗ്ര തീരദേശ വികസന പദ്ധതി, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, മാതൃകാ മത്സ്യഗ്രാമ പദ്ധതി, നബാർഡിന്റെ ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ, മത്സ്യ മാർക്കറ്റുകൾ നിർമ്മാണം, കടൽസുരക്ഷാ പദ്ധതി, ആഴക്കടൽ മത്സ്യബന്ധന പദ്ധതി, കൃത്രിമപാര് പദ്ധതി, കോൾഡ് ചെയിൻ സംവിധാനം എന്നിവയാണ് പ്രധാന പദ്ധതികൾ.

(ബി) സമഗ്ര തീരദേശ വികസന പദ്ധതിയിലുൾപ്പെടുത്തി കല്ല്യാശ്ശേരി മണ്ഡലത്തിൽ താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭിക്കുകയും പദ്ധതി നിർവ്വഹണം പൂർത്തീകരിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly